**File No.TCPCTP/2337/2019-C2**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല - തൃശ്ശൂർ നഗരസഭ വിയ്യൂർ വില്ലേജ് പെട്രോളിയം പമ്പ് നിർമ്മാണം- ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 10/12/19 തീയതിയിലെ VBA96/19-20 നമ്പർ കത്ത്.

2. തൃശ്ശൂർ ടൗൺപ്ലാനറുടെ 18/12/19 തീയതിയിലെ TCPTSR/2017/19/C2 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2337/2019-C2 തീയതി:**07/01/2020**

---

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ നഗരസഭ പരിധിയിലുള്ള വിയ്യൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 33/1 ൽ ഉൾപ്പെട്ട വിയ്യൂർ സെൻട്രൽ ജയിലിൻറെ ഉടമസ്ഥതയിലുള്ള 60.7146 ഹെക്ടർ സ്ഥലത്തു നിന്നും ലീസിനെടുത്ത 1255 ച.മീ സ്ഥലത്ത് 283.54 ച.മീ വിസ്തൃതിയിൽ (ഓഫീസ് കെട്ടിടം 50.06 ച.മീ + കനോപ്പി 233.48 ച.മീ) പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ Deputy General Manager(RS), Cochin Divisional Office, Indian Oil Corporation ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.എം.ബി.ആർ 1999 ചട്ടം 59(16) പ്രകാരമുള്ള പ്രൊവിഷൻ ഫോർവാട്ടർ റീസൈക്ലിംങ്ങ് റീയൂസിങ്ങ് സംവിധാനം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി സംവിധാനം പ്ലോട്ടിനുള്ളിൽ ഏർപ്പെടുത്തേണ്ടതാണ്.
8. 1976-ലെ പെട്രോളിയം റൂൾസിന് അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :03/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

സെക്രട്ടറി, തൃശ്ശൂർ നഗരസഭ, തൃശ്ശൂർ-680001

പകർപ്പ്:-

1. Deputy General Manager(RS) Cochin Divisional Office Indian Oil Corporation Ltd Panampilly Nagar,Cochin-682036
2. ടൗൺ പ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം